# 2013-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

(നിയമസഭ പാസ്സാക്കിയ പ്രകാരമുള്ളത്)

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

## ബിൽ

പീഠിക.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിഅഞ്ചാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2014-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2012 നവംബർ 25-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 233-ാം വകുപ്പിനുള്ള ഭേദഗതി.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ (1994-ലെ 20) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 233-ാം വകുപ്പിൽ,—

(എ) (4)-ാം ഉപവകുപ്പിനുപകരം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(4) (2)-ാം ഉപവകുപ്പ് പ്രകാരം സർക്കാർ നിശ്ചയിക്കുന്ന അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ പരിധികൾക്കും അവയ്ക്ക് വിധേയമായി (3)-ാം ഉപവകുപ്പുപ്രകാരം കൗൺസിൽ ഒരിക്കൽ നിശ്ചയിക്കുന്ന അടിസ്ഥാന വസ്തുനികുതി നിരക്കുകൾക്കും, അവ പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ അഞ്ചുവർഷക്കാലയളവിലേക്ക് പ്രാബല്യമുണ്ടായിരിക്കുന്നതും, തുടർന്ന് ഓരോ അഞ്ചുവർഷക്കാലയളവും പൂർത്തിയാകുന്ന മുറയ്ക്ക് അടുത്ത അഞ്ചുവർഷക്കാലയളവിലേക്ക് പ്രാബല്യത്തിൽ വരത്തക്കവിധം അടിസ്ഥാന വസ്തുനികുതി നിരക്കുകൾ യഥാക്രമം സർക്കാരും കൗൺസിലും നിലവിലുള്ള പരിധികളുടെയും നിരക്കുകളുടെയും മേൽ ഓരോ അഞ്ചുവർഷക്കാലയളവ് പൂർത്തിയാകുമ്പോൾ ഇരുപത്തിയഞ്ച് ശതമാനം വർദ്ധനവ് വരുന്നവിധത്തിൽ പുതുക്കി നിശ്ചയിക്കേണ്ടതുമാണ്. മേൽ പ്രസ്താവിച്ച പ്രകാരം നികുതിനിരക്ക് പുതുക്കി നിശ്ചയിച്ചതനുസരിച്ച് നികുതിനിർണ്ണയം നടത്തുമ്പോൾ,—

(എ) പുതിയതും, പുതുക്കിപ്പണിതതും, ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയതുമായ കെട്ടിടങ്ങളുടെ കാര്യത്തിൽ സെക്രട്ടറി, നിർണ്ണയിക്കപ്പെട്ട പ്രകാരം നികുതി നിശ്ചയിക്കേണ്ടതും തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ് ;

(ബി) ഖണ്ഡം (എ) യിൽ പറഞ്ഞ വിഭാഗത്തിൽപ്പെടാത്തതും, തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഒരിക്കൽ വാർഷിക വസ്തുനികുതി നിശ്ചയിച്ചതുമായ കെട്ടിടത്തിന്റെ കാര്യത്തിൽ തുടർന്നുവരുന്ന അഞ്ചു വർഷക്കാലയളവിലേക്കുള്ള വാർഷിക വസ്തുനികുതി പുതുക്കി നിശ്ചയിക്കലിനായി നിലവിലുള്ള വാർഷിക വസ്തുനികുതിയോടൊപ്പം ആയതിന്റെ ഇരുപത്തിയഞ്ച് ശതമാനം വർദ്ധനവ് വരുത്തി കൗൺസിൽ നികുതി പുതുക്കി നിശ്ചയിക്കേണ്ടതും അതനുസരിച്ച് അടുത്ത അഞ്ച് വർഷത്തേക്കുള്ള ഡിമാന്റ് നോട്ടീസ് സെക്രട്ടറി കെട്ടിടഉടമയ്ക്ക് നൽകേണ്ടതുമാകുന്നു :

എന്നാൽ, ഇപ്രകാരമുള്ള വാർഷിക വസ്തുനികുതി പുതുക്കി നിശ്ചയിക്കുമ്പോൾ (7)-ാം ഉപവകുപ്പ് പ്രകാരമുള്ള ഇളവുകളോ വർദ്ധനവുകളോ ബാധകമായിരിക്കുന്നതല്ല.";

(ബി) (7)-ാം ഉപവകുപ്പിൽ (iii), (vii), (ix) എന്നീ ഇനങ്ങൾ വിട്ടുകളയേണ്ടതാണ് ;

(സി) (9)-ാം ഉപവകുപ്പിന്റെ ക്ലിപ്തനിബന്ധനയിൽ, "കെട്ടിടത്തിന്റെ ചുമരിന്റെ നിർമ്മിതി" എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ് ;

(ഡി) (10)-ാം ഉപവകുപ്പിൽ "അറുപത് ദിവസത്തിനകം" എന്ന വാക്കുകൾക്ക് പകരം "മുപ്പത് ദിവസത്തിനകം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(ഇ) (12)-ാം ഉപവകുപ്പ് വിട്ടുകളയേണ്ടതാണ്;

(എഫ്) (14)-ാം ഉപവകുപ്പ് വിട്ടുകളയേണ്ടതാണ്;

(ജി) (19)-ാം ഉപവകുപ്പിൽ,—

(i) (ii)-ാം ഇനത്തിനുപകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(ii) വാർഷിക വസ്തുനികുതിയുടെ വർദ്ധനവിന്റെ ഏറ്റവും കുറഞ്ഞപരിധിയും ഏറ്റവും കൂടിയപരിധിയും നിശ്ചയിക്കൽ;";

(ii) (vi)-ാം ഇനം വിട്ടുകളയേണ്ടതാണ്.

3. 235-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 235-ാം വകുപ്പിൽ, (ബി) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ബിഎ) സർക്കാരിന്റെ അംഗീകാരം ഉള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും ഹയർ സെക്കന്ററിതലം വരെയുള്ളതുമായ വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങളും അത്തരം സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങളും ;".

4. 447-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 447-ാം വകുപ്പിൽ, (6)-ാം ഉപവകുപ്പിനുശേഷം താഴെ പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത് :—

"(7) 1077-ലെ അബ്കാരി ആക്റ്റിലോ (1077-ലെ 1) തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, യാതൊരാളും,

മുനിസിപ്പാലിറ്റിയുടെ മുൻകൂട്ടിയുള്ള അനുവാദത്തോടെയും അനുവാദത്തിൽ പ്രത്യേകം പറഞ്ഞിട്ടുള്ള നിബന്ധനകൾക്ക് അനുസൃതമായിട്ടും അല്ലാതെ, ഒരു മുനിസിപ്പൽ പ്രദേശത്തിനുള്ളിൽ ഒരു അബ്കാരിഷാപ്പ് സ്ഥാപിക്കുവാൻ പാടുള്ളതല്ല.

(8) വിദ്യാഭ്യാസ സ്ഥാപനത്തിന്റെയോ ആരാധനാ സ്ഥലത്തിന്റെയോ അടുത്ത് ഒരു അബ്കാരിഷാപ്പ് സ്ഥാപിക്കുന്നതിന് അനുവാദം നൽകുമ്പോൾ തൽസമയം പ്രാബല്യത്തിലുള്ള അബ്കാരി ആക്റ്റിലോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലോ നിർണ്ണയിച്ചിട്ടുള്ള ദൂരപരിധി പാലിക്കേണ്ടതും പ്രസ്തുത ദൂരപരിധിക്കുള്ളിൽ ഒരു അബ്കാരിഷാപ്പ് സ്ഥാപിക്കുവാൻ മുനിസിപ്പാലിറ്റി അനുവാദം നൽകാൻ പാടില്ലാത്തതും ആകുന്നു.

(9) പൊതുസമാധാനത്തിന്റെയോ സൻമാർഗത്തിന്റെയോ താല്പര്യത്തിലോ സൗകര്യമോ ശല്യമോ കാരണമായോ ഒരു അബ്കാരിഷാപ്പ് ഒരു സ്ഥലത്തു നിന്നും ഇതിനായി നിർദ്ദേശിക്കാവുന്ന പതിനഞ്ച് ദിവസത്തിൽ കവിയാത്ത സമയപരിധിക്കുള്ളിൽ മറ്റൊരു സ്ഥലത്തേക്ക് മാറ്റുവാനോ അടയ്ക്കുവാനോ ഉത്തരവ് നൽകുവാൻ, ഒരു മുനിസിപ്പാലിറ്റിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

(10) ഈ വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, (7) മുതൽ (9) വരെയുള്ള ഉപവകുപ്പുകളിലെ വ്യവസ്ഥകൾ 2012-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ഓർഡിനൻസ് (2012-ലെ 64) പ്രാബല്യത്തിൽ വന്ന 2012 നവംബർ 25-ാം തീയതി നിലവിലുള്ള യാതൊരു അബ്കാരിഷാപ്പിനോ, നിലവിലുള്ള എല്ലാ നിയമ വ്യവസ്ഥകൾക്കും വിധേയമായി പ്രസ്തുത തീയതിയിൽ നിലവിലുള്ള കള്ളുഷാപ്പുകൾ അവ സ്ഥാപിക്കുവാനായി അനുവദിച്ചിട്ടുള്ള അതിരുകൾക്കുള്ളിലുള്ള പ്രദേശത്ത് മാറ്റിസ്ഥാപിക്കുന്നതിനോ ബാധകമായിരിക്കുന്നതല്ല.

വിശദീകരണം:—"അബ്കാരിഷാപ്പ്" എന്നാൽ 1077-ലെ അബ്കാരി ആക്റ്റും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളും പ്രകാരമുള്ള ഒരു കള്ളുഷാപ്പോ, ഒരു വിദേശമദ്യഷാപ്പോ, വിദേശമദ്യ ചില്ലറ വിൽപ്പനസ്ഥാപനമോ, FL-9 ലൈസൻസ് ഉള്ള ഒരു സ്ഥാപനമോ അല്ലെങ്കിൽ ഒരു ബാർ ഹോട്ടലോ എന്നർത്ഥമാകുന്നു.".

5. റദ്ദാക്കലും ഒഴിവാക്കലും.—(1) 2013-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് (2013-ലെ 39) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽതന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ, ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.